**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - പൊതുഭരണ സെക്രട്ടേറിയേറ്റിലെ ജോലി ഭാരം ശാസ്ത്രീയമായി ക്രമീകരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് - സെക്രട്ടേറിയറ്റ് സന്ദർശക സഹായക കേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ് -ഇ) വകുപ്പ്**

G.O.(Ms)No.76/2022/GAD തീയതി,തിരുവനന്തപുരം, 11-05-2022

---

പരാമർശം:- 1. 17.01.2022 തിയതിയിലെ സ.ഉ(കൈ) നം.08/2022/പൊഭവ

2. 04.04.2022 തിയതിയിലെ സ.ഉ(കൈ) നം.55/2022/പൊഭവ

**<u>ഉത്തരവ്</u>**

പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലി ഭാരം ശാസ്ത്രീയമായി ക്രമീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ അംഗീകരിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരമാർശം (2) ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റ് സന്ദർശക സഹായ കേന്ദ്രങ്ങളിലെ (VFC South, VFC North & VFC Annexe) നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തികകളും, അസിസ്റ്റന്റ് തസ്തികകളും മറ്റ് വകുപ്പുകളിലേക്ക് പുനർവിന്യസിച്ച് ഉത്തരവാകുകയും, കൂടാതെ ഓരോ സന്ദർശക സഹായ കേന്ദ്രത്തിലേക്കും 3 കമ്പ്യൂട്ടർ അസ്സിസ്റ്റന്റ് തസ്തികകൾ വീതം പുനർവിന്യസിക്കുന്നതിന് നിർദേശിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത ഉത്തരവിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് സന്ദർശക സഹായ കേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ചുവടെ ചേർക്കുന്ന വകുപ്പുകളിൽ നിന്നും പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | വകുപ്പ് | സന്ദർശക സഹായ കേന്ദ്രം |
|---|---|---|
| 1 | ഹൗസിങ് (ബി) വകുപ്പ് | VFC North |
| 2 | ഹൗസിങ് (പി.എസ്) വകുപ്പ് | |
| 3 | തൊഴിലും നൈപുണ്യവും (ആർ)വകുപ്പ് | |
| 4 | പൊതുഭരണ (എ.ആർ) വകുപ്പ് | VFC South |
| 5 | പൊതുഭരണ (സി.ആർ. സെൽ) വകുപ്പ് | |
| 6 | പൊതുഭരണ അക്കൗണ്ട്സ് (കെ)വകുപ്പ് | |
| 7 | ആസൂത്രണവും സാമ്പത്തിക കാര്യവും (എഫ് )വകുപ്പ് | VFC Annexe |
| 8 | സ്റ്റോർ പർച്ചേസ് (IW-1) വകുപ്പ് | |
| 9 | സ്റ്റോർ പർച്ചേസ് (IW2) വകുപ്പ് | |

O.(Ms) No.76/2022/GAD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

B R YAMUNA

SPECIAL SECRETARY

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ / വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്, കേരള, തിരുവനന്തപുരം

പൊതുഭരണ അക്കൗണ്ട്സ് ഡി വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivakumar G**

**Date: 11-05-2022 13:55:26**

സെക്ഷൻ ഓഫീസർ